"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീമതി പണ്ടു സിസ്ഡുവിന് ഭിന്നശേഷിസംരക്ഷണ നിയമത്തിന്റെ പരിഗണന - ആഴ്ചയിൽ രണ്ടു പ്രവൃത്തി ദിവസം വർക്ക് ഫ്രം ഹോം ( WFH )വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.317/2025/LSGD തീയതി,തിരുവനന്തപുരം, 01-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 183/2024/LSGD തീയതി 23.01.2024.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 13/10/2024 ലെ LSGD/PD/35190/2024-DEA3 നമ്പർ ഉത്തരവ്.
3. ശ്രീമതി പണ്ടു സിസ്ഡു സമർപ്പിച്ച 31/10/2024 ലെ അപേക്ഷ
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17/12/2024 ലെ LSGD/PD/21951/2024-DEA3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടും 62% ഭിന്നശേഷി ഉള്ള ശ്രീമതി പണ്ടു സിസ്ഡു ബഹു. ഭിന്നശേഷി കമ്മീഷൻ മുമ്പാകെ നൽകിയ ഹർജിയിന്മേലുള്ള ബഹു. കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കി പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിന്റെ വെളിച്ചത്തിൽ ശ്രീമതി പണ്ടു സിസ്ഡുവിനെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമിച്ചിരുന്നു. ടി ഓഫീസ് ഭിന്നശേഷി സൗഹൃദമല്ലാത്തതിനാൽ ടിയാൾക്ക് നേരിടേണ്ടി വന്ന മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ കാരണം ടിയാളെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്നും സ്ഥലംമാറ്റം നൽകുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി പണ്ടു സിസ്ഡു മുമ്പ് ജോലി നോക്കിയിരുന്നതും ഭിന്നശേഷി സൗഹാർദമായതുമായ തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പരാമർശം 2 പ്രകാരം സ്ഥലംമാറ്റി നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഓഫീസിലേക്ക് ദിവസവും 58 കിലോമീറ്റർ ഭിന്നശേഷിക്കാർക്കുള്ള മോഡിഫൈഡ് കാറിൽ കൈകൾ കൊണ്ട് ഓടിച്ചുവരുന്നത് ടിയാൾക്ക് വളരെയധികം ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതിന് ഇടയാക്കുന്നുവെന്നും ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഇ-ഓഫീസ് സംവിധാനം ആയതിനാലും ടിയാളുടെ പ്രത്യേക ശാരീരിക വൈകല്യങ്ങൾ പരിഗണിച്ചും ആഴ്ചയിൽ രണ്ടു പ്രവൃത്തി ദിവസം വർക്ക് ഫ്രം ഹോം എന്ന വ്യവസ്ഥയിൽ virtual duties അനുവദിച്ചു നൽകുന്നതിനായി ശ്രീമതി പണ്ടു സിസ്ഡു സമർപ്പിച്ച പരാമർശം 3 അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു തദ്ദേശ സ്വയം ഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി പണ്ടു സിസ്ഡു 62% ഭിന്നശേഷിക്കാരിയാണ് (locomotor) എന്ന വസ്തുത മുൻനിർത്തിയും 19-1-2024 ലെ പൊതുഭരണ വകുപ്പിന്റെ ഉത്തരവ് ആനുകൂല്യം നൽകി ടിയാളെ ബയോ മെടിക് പഞ്ചിംഗ് സംവിധാനം മുഖേന അറ്റന്റൻസ് രേഖപ്പെടുത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് പരിഗണിച്ചും , Rights of Persons with Disabilities Act സെക്ഷൻ 20-(2) , (5) വ്യവസ്ഥകൾക്ക് അനുസൃതമായ പ്രത്യേക പരിഗണന നൽകി ശ്രീമതി. പണ്ടു സിസ്ഡുവിന് ആഴ്ചയിൽ രണ്ടു പ്രവൃത്തി ദിവസം 'Work from Home' ( WFH )വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3 . തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ ( എ&ഇ) ആഡിറ്റ്, കേരള, തിരുവനന്തപുരം

ശ്രീമതി പണ്ടു സിസ്ഡു, സീനിയർ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,

തൃശ്ശൂർ *(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇപിബി1/401/2024-തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by Keerthi I P
Date: 01-02-2025 22:07:17

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്